# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 210 — 14/06/2019-ൽ മറുപടിക്ക്

### കെ.എസ്.ഇ.ബി.യുടെ പാഴായിക്കിടക്കുന്ന ആസ്തികൾ

| | ചോദ്യം<br>**ശ്രീ.പി.ജെ.ജോസഫ്**<br>**ഡോ.എൻ. ജയരാജ്**<br>**ശ്രീ.റോഷി അഗസ്റ്റിൻ** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വഴിസൗകര്യമില്ലാത്ത കാലത്ത് പുരയിടങ്ങളിൽ കൂടി ചാർജ് ചെയ്തിരുന്ന ലോടെൻഷൻ, ഹൈടെൻഷൻ വൈദ്യുതി ലൈനുകൾ നിലവിൽ ഉപയോഗിക്കാതെ കിടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | വൈദ്യുതി നൽകുവാൻ നേരത്തെ പുരയിടങ്ങളിലൂടെ വലിച്ചിരുന്ന വൈദ്യുതി ലൈനുകൾ ചില സ്ഥലങ്ങളിൽ, ഉപയോഗമില്ലാതെ കിടക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതു ഇലക്ട്രിസിറ്റി സപ്ലൈ കോഡ് അനുശാസിക്കുന്ന ചട്ടങ്ങൾ അനുസരിച്ച് നിശ്ചിത കാലയളവിനു ശേഷം അഴിച്ചു മാറ്റി വരുകയും ഭാവി വികസനത്തിന് ആവശ്യമായവ മാത്രം "ലൈൻ റൈറ്റ് ഓഫ് വേ" ആയി നിലനിർത്തിവരുകയും ചെയ്യുന്നുണ്ട്. |
| ബി) | ഇങ്ങനെ പാഴായിക്കിടക്കുന്ന ആസ്തി സംബന്ധിച്ച് ബോർഡ് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടത്തുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഇല്ല. പുരയിടങ്ങളിൽ കൂടി പോകുന്ന ലൈനുകൾ അപകടങ്ങൾക്കോ വൈദ്യുതി തടസ്സത്തിനോ കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുന്നത് "ദ്യുതി 2021" പദ്ധതിയിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. |
| (സി) | ഉപയോഗശൂന്യമായ പ്രസ്തുത ലൈനുകൾ മാറ്റുന്നതിനുള്ള ചെലവ് വസ്തു ഉടമസ്ഥർ വഹിക്കണമെന്നുള്ള ബോർഡിന്റെ കർശന നിലപാട് കൊണ്ട് ബോർഡിനുണ്ടാകുന്ന കോടിക്കണക്കിന് രൂപയുടെ നഷ്ടം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) & (ഡി) | വ്യക്തികളുടെ സ്വകാര്യ ആവശ്യാനുസരണം മാറ്റേണ്ടി വരുന്ന ലൈനുകളുടെ എസ്റ്റിമേറ്റ് തുക ചെലവായി ഈടാക്കാറുണ്ട്. അല്ലാത്തവ ബോർഡിന്റെ ചെലവിലും നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പാലിച്ചു കൊണ്ട് നിശ്ചിത കാലയളവിനുള്ളിൽ അഴിച്ചു മാറ്റി പുനരുപയോഗിച്ചു പരമാവധി നഷ്ടം കുറയ്ക്കുവാനാണ് ശ്രമിക്കുന്നത്. അഴിച്ചുമാറ്റപ്പെടുന്ന ലൈനുകളും പോസ്റ്റുകളും ഉപയോഗ യോഗ്യമാണെങ്കിൽ അവ പരമാവധി പുനരുപയോഗിക്കുവാൻ ശ്രമിക്കുന്നുണ്ട്. |
| (ഡി) | ചാർജ് ഇല്ലാത്ത ലൈനുകളും പോസ്റ്റുകളും മറ്റ് സ്ഥലങ്ങളിൽ പുനരുപയോഗിക്കുന്നതിന് ബോർഡ് എന്തുകൊണ്ടാണ് വൈമുഖ്യം കാണിക്കുന്നതെന്ന് വിശദമാക്കാമോ; അതേ സാധനങ്ങൾ വീണ്ടും വാങ്ങുന്നതിലൂടെയുള്ള ഇരട്ടിപ്പ് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

Apsara
സെക്ഷൻ ഓഫീസർ